# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വേൾഡ് ഫുഡ് ഇന്ത്യ 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **World Food India 2025 will be inaugurated by Prime Minister Narendra Modi in New Delhi tomorrow.**

2. ഇന്ത്യയുടെ കപ്പൽ നിർമ്മാണ, സമുദ്ര ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് 69,725 കോടി രൂപയുടെ സമ ഗ്ര പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം.

   **The Union Cabinet has approved a comprehensive plan of Rs 69,725 crore to revitalize India's shipbuilding and marine ecosystem.**

3. രാജ്യത്ത് മെഡിക്കൽ വിദ്യാഭ്യാസ മേഖലയുടെ വിപുലീകരണത്തിൻറെ ഭാഗമായി ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിച്ച് കേന്ദ്ര മന്ത്രിസഭ.

   **The Union Cabinet has increased the seats in undergraduate and postgraduate courses as part of the expansion of the medical education sector in the country.**

4. കുട്ടനാട്ടിലെ നെൽകൃഷി വികസനത്തിനായി പ്രത്യേക നിർദ്ദേശം ഉൾപ്പെടുത്തി കേന്ദ്രകൃഷിമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് കേന്ദ്രസംഘം.

The central team will submit a report to the Union Agriculture Minister with a special proposal for the development of paddy cultivation in Kuttanad.

5. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് ശനിയാഴ്ച വരെ വിലക്ക്.

   IMD has said that there is a possibility of isolated heavy rain in Kerala. Yellow alert in seven districts tomorrow. Fishing banned until Saturday.

6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - ബംഗ്ലാദേശിനെ പോരാട്ടം.

   India-Bangladesh to face each other today in Asia Cup cricket.

&&&&&&&&&&&&&&&&&

## PRESIDENT MURMU

കലാകാരന്മാർക്ക് ഇന്ത്യൻ സമൂഹത്തിൽ വിശിഷ്ട സ്ഥാനമാണുള്ളതെന്നും, കലാസൃഷ്ടികൾ രാജ്യത്തിന്റെ സംസ്കാരത്തെ സമ്പന്നമാക്കുന്നതായും രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിലെ ജൻപഥിൽ ലളിത കലാ അക്കാദമി സംഘടിപ്പിക്കുന്ന 64-ാമത് ദേശീയ കലാ പ്രദർശനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. കലാകാരന്മാർ ഭാവനയിലൂടെയും കലാസൃഷ്ടികളിലൂടെയും പുതിയ ഭാരതത്തെ വരച്ചുകാട്ടുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&

## WORLD FOOD INDIA

വേൾഡ് ഫുഡ് ഇന്ത്യ 2025 നാളെ മുതൽ ഈ മാസം 28 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ഇന്ത്യയുടെ ഭക്ഷ്യ സംസ്കാരം ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും

ഭക്ഷ്യമേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാനുമാണ് പരിപാടി. 100 ലേറെ വിദേശ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും.

&&&&&&&&&&&&&&&

## CABINET–CCEA

ഇന്ത്യയുടെ കപ്പൽ നിർമ്മാണ, സമുദ്ര ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് 69,725 കോടി രൂപയുടെ സമഗ്ര പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ആണ് ന്യൂഡൽഹിയിൽ ഇക്കാര്യം അറിയിച്ചത്. ആഭ്യന്തര ശേഷി ശക്തിപ്പെടുത്തുന്നതിനും, ദീർഘകാല ധനസഹായം വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ സമീപനമാണ് പദ്ധതിയിലുള്ളതെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ പദ്ധതികളുടെയും നിർവ്വഹണം നിരീക്ഷിക്കുന്നതിനായി ഒരു ദേശീയ കപ്പൽ നിർമ്മാണ മിഷൻ സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.
(വോയിസ്)

&&&&&&&&&&&&&&&

## CABINET RAILWAY

രാജ്യത്ത് ബിരുദ, ബിരുദാനന്തര മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിലുള്ള വിപുലീകരണത്തിന് മന്ത്രിസഭ അംഗീകാരം നൽകിയതായി ശ്രീ വൈഷ്ണവ് പറഞ്ഞു. ഇതിന്റെ ഭാഗമായി കേന്ദ്ര സഹായത്തോടെ അയ്യായിരം പിജി സീറ്റുകളും അയ്യായിരത്തി ഇരുപത്തിമൂന്ന് MBBS സീറ്റുകളും സൃഷ്ടിക്കുമെന്നും അദ്ദേഹം അറിയിച്ചു. റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് നൽകാനും കേന്ദ്ര മന്ത്രിസഭാ അംഗീകാരം നൽകി. 10 ലക്ഷത്തിലധികം റെയിൽവേ ജീവനക്കാർക്കാണ് 1865.68 കോടി രൂപ നൽകാൻ മന്ത്രിസഭ ഇന്ന് അംഗീകാരം നൽകിയത്.

&&&&&&&&&&&&&&&

## PM – HEALTHCARE

ഇന്ത്യയുടെ ആരോഗ്യരംഗത്തെ പുരോഗതി ദേശീയ വികസനത്തിന്റെ ഒരു പ്രധാന സ്തംഭമായി അംഗീകരിക്കപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രമുഖ ഹൃദ്രോഗ വിദഗ്ധൻ ഡോ. ദേവി പ്രസാദ് ഷെട്ടി എഴുതിയ 'ആരോഗ്യത്തെ ഉത്പാദനക്ഷമതയുമായി ബന്ധിപ്പിക്കുന്നു' എന്ന ലേഖനം പങ്കുവെച്ചാണ് പ്രധാനമന്ത്രി ഇക്കാര്യം വിയക്തമാക്കിയത്. ആരോഗ്യത്തെ ചെലവായിട്ടല്ല, മറിച്ച് നിക്ഷേപമായി കാണുന്നത് ഭരണനിർവഹണത്തെയും രാജ്യത്തിന്റെ അഭിവൃദ്ധിയെയും ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## CENTRAL TEAM – KUTTANADU

സംസ്ഥാനത്തെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കൃഷി മന്ത്രാലയം നിയോഗിച്ച കേന്ദ്രസംഘം ഇന്ന് ആലപ്പുഴ ജില്ലയിലെ കുട്ടനാട് സന്ദർശിച്ചു. കുട്ടനാട്ടിലെ നെൽകൃഷി വികസനത്തിനായി പ്രത്യേക നിർദ്ദേശം ഉൾപ്പെടുത്തി കേന്ദ്രകൃഷിമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് കേന്ദ്രസംഘം അറിയിച്ചു. അന്ധകാരനഴിയിലും കുട്ടനാട്ടിലും സന്ദർശനം നടത്തിയ കേന്ദ്രസംഘം നെൽകർഷകരുമായി വിവിധ കാര്യങ്ങൾ ചർച്ചചെയ്തു.

&&&&&&&&&&&&&&&

## EC – ELECTION

ജമ്മു കശ്മീരിൽ നിന്നുള്ള നാല് സീറ്റുകളിലേക്കുള്ള രാജ്യസഭാ തിരഞ്ഞെടുപ്പ് തീയതി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ഒക്ടോബർ 24-നാണ് വോട്ടെടുപ്പ്. 2021 ഫെബ്രുവരി മുതൽ ഈ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. പഞ്ചാബിൽ നിന്നുള്ള ഒരു സീറ്റിലേക്കുള്ള ഉപതിരഞ്ഞെടുപ്പും കമ്മീഷൻ പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് വിജ്ഞാപനം അടുത്ത മാസം ആറിന് പുറത്തിറങ്ങും.

&&&&&&&&&&&&&&&

## CABINET DECISIONS

കൊച്ചി കളമശ്ശേരിയിൽ ജുഡീഷ്യൽ സിറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി സംസ്ഥാന മന്ത്രിസഭായോഗം. കേരള പൊതുസേവനാവകാശ ബില്ലിൻറെ കരടും മന്ത്രിസഭ അംഗീകരിച്ചു. സംസ്ഥാനത്തെ സർവ്വകലാശാല നിയമങ്ങളിൽ, സിൻഡിക്കേറ്റ് യോഗം ചേരുന്നതുമായി ബന്ധപ്പെട്ട് പുതിയ വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിനുള്ള കരട് ബില്ലിനും അംഗീകാരമായി.

&&&&&&&&&&&&&&&

## GST REFORMS-GENERAL

ജി.എസ്.ടി ഘടനാ പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. പുതു തലമുറ ജി.എസ്.ടി പരിഷ്ക്കാരങ്ങളിലൂടെ ആരോഗ്യ മേഖലയിൽ കേന്ദ്ര സർക്കാർ ഗണ്യമായ നികുതി ഇളവുകളാണ് വരുത്തിയിട്ടുള്ളത്. കാൻസർ, ഗുരുതര രോഗങ്ങൾ എന്നിവയ്ക്കുള്ള 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതിയും ഒഴിവാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&

## SAEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ ഇന്ത്യയെ മാധ്യമങ്ങളുടെയും വിനോദത്തിന്റെയും ആഗോള കേന്ദ്രമാക്കി മാറ്റുന്നതിനായി, വേവ്സ് ഉച്ചകോടിയിലൂടെ സർഗ്ഗാത്മകതയും സാങ്കേതികവിദ്യയും എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. (വോയ്സ്)

&&&&&&&&&&&&&&&

## ANNOUNCEMENT

സേവാ പർവിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച നാളെ ഉച്ചയ്ക്ക് ശേഷം 3.30 ന് പ്രക്ഷേപണം ചെയ്യും. നാളത്തെ ചർച്ചയിൽ ഡിജിറ്റൽ ഇന്ത്യ ആധാർ മുതൽ എഐ വരെ എന്ന

വിഷയത്തെ കുറിച്ച് കേരള സർവകലാശാല മുൻപ്രൊഫസറും സി-ഡിറ്റ് മുൻഡയറക്ടറുമായ ഡോ. അച്യുത് ശങ്കർ സംസാരിക്കും.

&&&&&&&&&&&&&&&

## SWASTH NARI SAKTH PARIVAR

സ്ത്രീകളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിലൂടെ കുടുംബങ്ങളെ ശക്തമാക്കാൻ ലക്ഷ്യമിടുന്ന സ്വസ്ഥ് നാരി സശക്ത് പരിവാർ ക്യാമ്പയിൻറെ ഭാഗമായി, തിരുവനന്തപുരം വെള്ളനാട് സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ സ്ത്രീകൾക്കായി ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു. ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലായിരുന്നു ഇന്ന് പരിശോധന നടന്നത്.

&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ വരുംദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരളതീരത്ത് കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&

## CRICKET- ASIA CUP

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഏഷ്യാകപ്പ് ഫൈനൽ പ്രവേശനം ലക്ഷ്യമിട്ടാണ്, സൂപ്പർ ഫോറിലെ രണ്ടാം മത്സരത്തിനായി ഇന്ത്യ ഇന്നിറങ്ങുന്നത്.

&&&&&&&&&&&&&&&

## ISSF JUNIOR WORLD CUP- SHOOTING

ഷൂട്ടിംഗ് ജൂനിയർ ലോകകപ്പ് ന്യൂഡൽഹിയിൽ ആരംഭിച്ചു. 50 മീറ്റർ റൈഫിൾ പ്രോൺ വനിതകൾക്കും പുരുഷന്മാർക്കുമുള്ള മത്സരങ്ങൾക്ക് നാളെ തുടക്കമാകും. ഒളിമ്പ്യൻ റൈസ ധില്ലൺ, ഏഷ്യൻ ട്രാപ്പ് ചാമ്പ്യൻ സബീറ ഹാരിസ് എന്നിവരുടെ നേതൃത്വത്തിലുള്ള 69 അംഗ ടീമാണ് ഇന്ത്യക്കായി മത്സരിക്കുന്നത്. അടുത്ത മാസം 2 വരെയാണ് മത്സരം.

&&&&&&&&&&&&&&&

## SWACHHTHA HI SEWA

സ്വച്ഛത ഹി സേവ കാമ്പയിന് രാജ്യത്ത് മികച്ച വരവേൽപ്. വിപുലമായ പരിപാടികളാണ് രാജ്യമെമ്പാടും ഇതിൻറെ ഭാഗമായി നടക്കുന്നത്. മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക, അനധികൃത മാലിന്യ നിക്ഷേപ സ്ഥലങ്ങൾ കണ്ടെത്തി ശുചീകരിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഗാന്ധിജയന്തി ദിനം വരെ നീളുന്ന കാമ്പയിനിലൂടെ നടന്നു വരുന്നു.

&&&&&&&&&&&&&&&

## PM-AUCTION

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച വിവിധ സമ്മാനങ്ങൾ ഉൾപ്പെടുത്തിയുള്ള ഓൺലൈൻ ലേലത്തിൽ സജീവമായി പങ്കെടുക്കാൻ അദ്ദേഹം ജനങ്ങളോടാവശ്യപ്പെട്ടു. ലേലത്തിൽ നിന്ന് ലഭിക്കുന്ന തുക ഗംഗാ നദിയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമുള്ള 'നമാമി ഗംഗ' സംരംഭത്തിന് നൽകുമെന്ന് സമൂഹമാധ്യമ കുറിപ്പിൽ പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800

എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 26 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&